*ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം*
*ഹൗസിങ് ബോർഡ് ബിൽഡിങ്സ്*
*ശാന്തിനഗർ, തിരുവനന്തപുരം 1*

**ICT Cell/1771/1/ HSE/2014** **14/08/2014**

# <u>സർക്കുലർ</u>

**വിഷയം : പുതിയ സ്കൂളുകളിലേയും നിലവിലുള്ള സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലേയും പ്രവേശനത്തെ സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ**

**സൂചന : 1) ഇതേ നമ്പറിൽ ആഗസ്റ്റ് 8 ലെ സർക്കുലർ**
**2) GO(Rt)No. 2037/14/G.Edn dated 24/05/2014**

സൂചന സർക്കുലറിൽ പ്രതിപാദിച്ച പ്രകാരം പുതുതായി ഹയർസെക്കണ്ടറി അനുവദിച്ച സ്കൂളുകളിൽ ഒരു കോഴ്സ് കോമ്പിനേഷന്റെ ഒരു ബാച്ചിൽ പരമാവധി പ്രവേശിപ്പിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം 50 ആണ്. പുതിയതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലേയും നിലവിലെ ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച അധികബാച്ചുകളിലേയും പ്രവേശന ഷെഡ്യൂൾ താഴെ പ്രതിപാദിക്കും പ്രകാരം പുന:ക്രമീകരിച്ചിരിക്കുന്നു.

**<u>1) പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനം :</u>**

**അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി : 20/08/2014 വൈകിട്ട് 4 മണി വരെ.**

ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകളെല്ലാം പരിഗണിച്ച് സൂചന 2 പ്രോസ്പക്ടസിൽ പ്രതിപാദിച്ചിട്ടുള്ള യോഗ്യതാ ,സംവരണ , മെരിറ്റ് മാനദണ്ഡങ്ങൾ പാലിച്ചുക്കൊണ്ടുള്ള മെരിറ്റ് റാങ്ക് ലിസ്റ്റ് പ്രിൻസിപ്പൽ-ഇൻ-ചാർജ് കൈയ്യൊപ്പ് വച്ച് സ്കൂൾ സീലും പതിപ്പിച്ച് ആഗസ്റ്റ് 21 ന് രാവിലെ 10 മണിക്കുമുമ്പായി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. മെരിറ്റ് റാങ്ക് ലിസ്റ്റിൽ അപേക്ഷാനമ്പർ , എസ്.എസ്.എൽ. സി. രജിസ്റ്റർ നമ്പർ,വിദ്യാർത്ഥിയുടെ പേര്, ജെൻഡർ ,ജനനതീയതി, കാറ്റഗറി, WGPA , റാങ്ക് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കണം. പ്രസ്തുത മെരിറ്റ് റാങ്ക് ലിസ്റ്റിൽ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപം ഉന്നയിക്കപ്പെടുകയാണെങ്കിൽ ആവശ്യമെങ്കിൽ ഡയറക്ടറേറ്റിലെ ഐ.സി.റ്റി. സെല്ലുമായി ബന്ധപ്പെട്ട് പരിഹരിച്ച മെരിറ്റ് റാങ്ക് ലിസ്റ്റ് പ്രകാരം നിശ്ചിത എണ്ണം സീറ്റുകളിലേക്കുള്ള പ്രവേശനം ആഗസ്റ്റ് 22 , 23 തീയതികളിലായി നടത്തേണ്ടതാണ്.

**പുതിയ സ്കൂളുകളിലെ പ്ലസ്‌വൺ ക്ലാസ്സുകൾ ആഗസ്റ്റ് 25 ന് രാവിലെ 9 മണിക്ക് ആരംഭിക്കേണ്ടതുമാണ്.**

രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് അഡ്മിഷന് ശേഷമുള്ള ഒഴിവുകളിൽ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിലും പ്രവേശനം ലഭിക്കാത്തവരുടെ നിലവിലുള്ള അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള മൂന്നാം സപ്ലിമെൻററി അലോട്ട്മെൻറ് ആഗസ്റ്റ് 16 ന് പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ അലോട്ട്മെൻറ് ലഭിക്കുന്നവരുടെ പ്രവേശനം ആഗസ്റ്റ് 16 , ആഗസ്റ്റ് 18 ന് വൈകിട്ട് 4 മണിവരെ നടത്തുന്നതാണ്.

**2) നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിക്കപ്പെട്ട അധിക ബാച്ചുകളിലെ പ്രവേശനം :**

**സ്കൂൾ/ കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷകൾ സ്വീകരിച്ച് തുടങ്ങുന്ന തീയതി : 20/08/2014**

**സ്കൂൾ/ കോമ്പിനേഷൻ മാറ്റത്തിന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി :21/08/2014(4pm)**

**സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറ് പ്രസിദ്ധീകരിക്കുന്നത് : 22/08/2014**

**സ്കൂൾ/ കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ തീയതികൾ : 22/08/2014 മുതൽ 25/08/2014 വരെ**

തുടർന്ന് സപ്ലിമെൻററി അലോട്ട്മെൻറിനായി വേക്കൻസി വിവരങ്ങൾ ആഗസ്റ്റ് 22 ന് രാവിലെ 10 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പരിഗണിക്കുന്നതിനുള്ള അപേക്ഷകൾ ആഗസ്റ്റ് 25 ന് വൈകിട്ട് 4 മണിവരെ സമർപ്പിക്കാവുന്നതാണ്. സപ്ലിമെൻററി അലോട്ട്മെൻറ് റിസൽട്ട് ആഗസ്റ്റ് 27 ന് രാവിലെ പ്രസിദ്ധീകരിക്കുന്നതും അഡ്മിഷൻ ആഗസ്റ്റ് 28 നും 29 നുമായി നടക്കുന്നതുമാണ്.

**പുതിയതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവേശനത്തെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

2014–2015 അധ്യയന വർഷത്തെ പ്രോസ്പക്ടസ് പ്രകാരമുള്ള സംവരണ തത്വമനുസരിച്ച് വിവിധ കാറ്റഗറികൾക്കുള്ള അനുവദനീയമായ സീറ്റുകൾ താഴെ പ്രതിപാദിക്കും പ്രകാരമാണ്. പ്രസ്തുത സംവരണ തത്വവും യോഗ്യതാ മെരിറ്റ്

മാനദണ്ഡങ്ങളും പാലിച്ചു കൊണ്ടുള്ള മെരിറ്റ് റാങ്ക് ലിസ്റ്റ് സൂചനയിലെ സർക്കുലറിൽ പ്രതിപാദിച്ച ഷെഡ്യൂൾ പ്രകാരം പ്രസിദ്ധീകരിച്ച് പ്രവേശന നടപടികൾ ആരംഭിക്കണം. ഇത്തരത്തിൽ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്ന മെരിറ്റ് റാങ്ക് ലിസ്റ്റിന്റെ സ്കാൻ ചെയ്ത കോപ്പി ഡയറക്ടറേറ്റിന്റെ അഡ്മിഷൻ വിഭാഗത്തിന്റെ ഔദ്യോഗിക ഇ–മെയിലായ ictcelldhse@gmail.com ലേക്ക് അന്നേ ദിവസം തന്നെ അയക്കണം,

**1) സർക്കാർ സ്കൂളുകൾ**

| **Category Code** | **Total Seats** |
|---|---|
| **School Type :GOVT** | |
| General | 26 |
| Ezhava | 4 |
| Muslim | 4 |
| LC/SIUC | 1 |
| Chr.OBC | 1 |
| Hin.OBC | 2 |
| SC | 6 |
| ST | 4 |
| Differently Abled | 1 |
| Sports | 1 |

**2) എയ്ഡഡ് മുന്നാക്ക സ്കൂളുകൾ**

| **Category Code** | **Total Seats** |
|---|---|
| **School Type :Aided General** | |
| General | 23 |
| SC | 6 |
| ST | 4 |
| Differently Abled | 1 |
| Sports | 1 |
| Management | 15 |

### 3) എയ്ഡഡ് പിന്നാക്ക /ന്യൂനപക്ഷ സ്കൂളുകൾ

| Category Code | Total Seats |
|---|---|
| **School Type:Aided Backward/Minority** | |
| General | 18 |
| SC | 6 |
| ST | 4 |
| Differently Abled | 1 |
| Sports | 1 |
| Management | 10 |
| Community | 10 |

## സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം

2014–2015 അധ്യയന വർഷം സ്പോർട്സ് ക്വാട്ടയിലൂടെ പ്ലസ്വൺ പ്രവേശനം സാധ്യമാക്കുന്നതിനായി അതത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ വിദ്യാർത്ഥികളുടെ സ്പോർട്സ് മികവുകൾ അടിസ്ഥാനപ്പെടുത്തി "സ്കോർ കാർഡുകൾ " നൽകിയിട്ടുണ്ട്. പ്രസ്തുത സ്പോർട്സ് കാർഡുകൾ സഹിതം അപേക്ഷിക്കുന്നവർക്ക് സ്പോർട്സ് റാങ്ക് അടിസ്ഥാനപ്പെടുത്തി പുതിയ സ്കൂളുകളിലെ സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നൽകാവുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടുന്നതിന് അപേക്ഷകരില്ലെങ്കിൽ പ്രസ്തുത സീറ്റ് ജനറൽ മെരിറ്റ് സീറ്റായി പരിഗണിക്കണം.

## വിഭിന്നശേഷി വിഭാഗത്തിൽ പ്രവേശനം

വിഭിന്നശേഷി വിഭാഗത്തിൽ 1) ശാരീരിക വൈകല്യമുള്ളവർ, 2) അന്ധർ, 3) ബധിരർ, 4) മാനസിക/മസ്തിഷ്ക രോഗങ്ങൾ മൂലം പഠന വൈകല്യങ്ങളുള്ളവർ എന്നിവരുൾപ്പെടും. ഈ വിഭാഗത്തിൽ പരിഗണിക്കപ്പെടുന്നതിന് അപേക്ഷകർ തങ്ങൾക്ക് 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന അംഗീകൃത മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഈ വിഭാഗത്തിൽപെടുന്നവർ പ്രായോഗികപരീക്ഷകളുള്ള വിഷയങ്ങളുൾപ്പെടുന്ന കോംബിനേഷനുകൾ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ വിഷയങ്ങൾ പഠിക്കുന്നതിന് അപേക്ഷകന്റെ രോഗാവസ്ഥ തടസ്സമല്ലെന്ന്, വിദ്യാഭ്യാസവകുപ്പ് ഈ ആവശ്യത്തിനായി ചുമതലപ്പെടുത്തുന്ന ജില്ലാതലത്തിലുള്ള പ്രത്യേക സമിതി സാക്ഷ്യപ്പെടുത്തണം. ജില്ലാമെഡിക്കൽഓഫീസർ നിർദേശിക്കുന്ന ഒരു വിദഗ്ദ്ധഡോക്ടറും ഗവൺമെന്റ് സ്കൂളിലെ ഹയർസെക്കന്ററി സയൻസ് വിഭാഗം അധ്യാപകനും അതേവിഭാഗത്തിലെ ഒരു പ്രിൻസിപ്പലും IEDC

റിസോഴ്സ് അധ്യാപകനും ഈ സമിതിയിലുണ്ടായിരിക്കും. ഈ സമിതി വിദ്യാർത്ഥികളെ അഭിമുഖത്തിനായി ക്ഷണിക്കുന്ന തീയതിയും സ്ഥലവും മുൻകൂട്ടി അറിയിക്കും. വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളുടെയും യോഗ്യതാസർട്ടിഫിക്കറ്റുകളുടെ പ്രാരംഭപരിശോധന നടത്തുന്നത് മുകളിൽ സൂചിപ്പിച്ച സമിതിയായിരിക്കും. പരിശോധനക്ക് ശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ വിദ്യാർത്ഥികൾ അപേക്ഷാഫാറത്തിൽ രേഖപ്പെടുത്തേണ്ടതും സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ഈ വിഭാഗത്തിന് വേണ്ടി സംവരണം ചെയ്തിട്ടുള്ള സീറ്റുകളുടെ മൂന്നിലൊന്ന് അന്ധർക്കായിരിക്കും. അന്ധരായ അപേക്ഷകരില്ലെങ്കിൽ അവർക്കായി സംവരണം ചെയ്ത സീറ്റുകൾ ഇതേ വിഭാഗത്തിലെ മറ്റ് ഉപവിഭാഗങ്ങൾക്ക് നൽകും. ***വിഭിന്നശേഷിവിഭാഗത്തിലെ അപേക്ഷകർക്ക് യോഗ്യതയുള്ള പക്ഷം ആവശ്യമെങ്കിൽ അധിക സീറ്റുകൾ സൃഷ്ടിക്കുന്നതായിരിക്കും***

## കാറ്റഗറിയും കാറ്റഗറികോഡും

**കാറ്റഗറിയും കാറ്റഗറികോഡും താഴെക്കാണിച്ചിരിക്കുന്ന പട്ടികയും അനുബന്ധം 3-ഉം പരിശോധിച്ച് എഴുതുക.**

| കാറ്റഗറി | കോഡ് |
|---|---|
| **General** | **01** |
| **Ezhava,Thiyya, Billava(ETB)** | **02** |
| **Muslim** | **03** |
| **Latin Catholic& SIUC** | **04** |

| കാറ്റഗറി | കോഡ് |
|---|---|
| **OBC Christian** | **05** |
| **OBCHindu** (ഈഴവ, തീയ്യ, ബില്ലവ ഒഴികെയുള്ളവർ) | **06** |
| **SC** | **07** |
| **ST** | **08** |

**അനുബന്ധം 3**

## സംവരണാനുകൂല്യമുള്ള സമുദായങ്ങളുടെ പട്ടിക

**Code 2 - ETB -** Ezhava including Ezhavas, Thiyyas, Ishuvan, Izhuvan, Illuvan and Billava
**Code 3 - Muslim -** Muslims (all sections following Islam)
**Code 4 - Latin Catholic and SIUC**
**Code 5 - Other Backward Christian -** Converts from Scheduled Castes to Christianity
**Code 6 - Other Backward Hindu**

| | |
|---|---|
| Agasa | Kuruba |
| Arayas including Valan, Mukkuvan, Mukaya, Mogayan, Arayan, Bovies, Kharvi, Nulayan, and Arayavathi | Kurumba |
| Aremahrati | Maravan (Maravar) |
| | Madivala |
| Arya including Dheevara/Dheevaran Atagara, Devanga, Kaikolan, (Sengunthar) Pattarya, Saliyas (Padmasali, Pattusali, Thogatta, Karanibhakatula, Senapathula, Sali, Sale, Karikalabhakulu, Chaliya) Sourashtra, Khatri, Patnukaran, Illathu Pillai, Illa Vellalar, Illathar | Maruthuvar |
| Bestha | Mahratta (Non-Brahman) |
| Bhandari or Bhondari | Melakudi (Kudiyan) |

Boya
Boyan
Chavalakkaran
Chakkala (Chakkala Nair)
Devadiga
Ezhavathi (Vathi)
Ezhuthachan, Kadupattan
Gudigara
Galada Konkani
Ganjam Reddies
Gatti
Gowda
Ganika including Nagavamsom
Hegde
Hindu Nadar
Idiga including Settibalija
Jangam
Jogi
Jhetty
Kanisu or Kaniyar-Panicker, Kaniyan, Kanisan, Kannian or Kani, Ganaka
Kalarikurup or Kalari Panicker
Kerala Muthali
Kudumbi
Kusavan including Kulala, Kumbaran, Odan, Oudan (Donga) Odda (Vodde or Vadde or Veddai) Velaan, Andhra Nair, Anthuru Nair.
Kalavanthula
Kallan including Isanattu Kallar
Kabera
Korachas
Kammalas including Viswakarmala, Karuvan, Kamsalas, Viswakarmas, Pandikammala, Malayal-Kammala, Kannan, Moosari, Kalthachan, Kallasari, Perumkollen, Kollan, Thattan, Pandithattan, Thachan, Asari, Villasan, Vilkurup, Viswabrahmins, Kitara, Chaptegara.
Kannadiyans
Kavuthiyan
Kavudiyaru
Kelasi or Kalasi Panicker
Koppala Velamas
Krishnanvaka

Mogaveera
Moili
Mukhari
Modibanda
Moovari
Moniagar
Naicken including Tholuva Naicker and Vettilakkara Naicker
Padyachi (Villayankuppam)
Palli
Panniyar or Pannayar
Parkavakulam (Surithiman, Malayaman, Nathaman, Moopanar and Nainar)
Rajapuri
Sakravar (Kavathi)
Senaithalaivar, Elavania, Senaikudayam
Sadhu Chetty including Telugu Chetty or 24 Manai Telugu Chetty and Wynadan Chetty
Tholkolan
Thottiyan
Uppara (Sagara)
Ural Goundan
Valaiyan
Vada Balija
Vakkaliga
Vaduvan(Vadugan)
Veera Saivas (Pandaram, Vairavi, Vairagi, Yogeeswar, Matapathi and Yogi)
Veluthedathu Nair including Vannathan, Veluthedan and Rajaka
Vilakkithala Nair including Vilakkathalavan, Ambattan Pranopakari, Pandithar and Nusuvan
Vaniya including Vanika, Vanika Vaisya, Vaisya, Chetty, Vanibha Chetty, Ayiravar Nagarathar, Vaniyan
Yadava including Kolaya, Ayar, Mayar, Maniyani, Eruman, Golla and Kolaries
Chakkamar
Mogers of Kasaragod Taluk
Maratis of Hosdurg Taluk
Paravans of Malabar area excluding Kasaragod Taluk
Peruvannan (Varnavar)

## Code 7 - Scheduled Castes (SC)

Adi Andhra
Adi Dravida
Adi Karnataka
Ajila
Arunthathiyar
Ayyanavar
Baira
Bakuda
Bathada

Maila
Malayan [In the areas comprising the Malabar District as specified by Sub-section (2) of Section 5 of the State Re-organization Act. 1956 (37 of 1956)]
Mannan, Pathiyan, Perumannan, Vannan, Velan
Moger (other than Mogeyar)
Mundala
Nalakeyava
Nalkadaya
Nayadi
Nerian

| | |
|---|---|
| Bharathar (Other than Parathar), Paravan | Pallan |
| Chakkiliyan | Palluvan |
| Chamar, Muchi | Pambada |
| Chandala | Panan |
| Cheruman | Paraiyan, Parayan, Sambavar, Sambavan, Sambava, Paraya, Paraiya, Parayar |
| Domban | Pulayan, Cheramar, Pulaya, Pulayar, Cherama, Cheraman, Wayanad Pulayan, Wayanadan Pulayan, Matha, Matha Pulayan |
| Gosangi | Puthirai Vannan |
| Hasla | Raneyar |
| Holeya | Samagara |
| Kadaiyan | Samban |
| Kakkalan, Kakkan | Semman, Chemman, Chemmar |
| Kalladi | Thandan (excluding Ezhuvas and Thiyyas who are known as Thandan, in the erstwhile Cochin and Malabar areas) and (Carpenters who are known as Thachan, in the erstwhile Cochin and Travancore State) |
| Kanakkan, Padanna, Padannan | Thoti |
| Kavara (other than Telugu speaking or Tamil speaking Balija Kavarai, Gavara, Gavarai, Gavarai Naidu, Balija Naidu, Gajalu Balija or Valai Chetty) | Vallon |
| Koosa | Valluvan |
| Kootan, Koodan | Vetan |
| Kudumban | Vettuvan,Pulaya Vettuvan(in the areas of erstwhile Cochin State only). |
| Kuravan, Sidhanar, Kuravar, Kurava, Sidhana | |

## Code 8 - Scheduled Tribes (ST)

| | |
|---|---|
| Adiyan | Malakkuravan |
| Arandan [Arandanan] | Malasar |
| Eravallan | [Malayan, Nattu Malayan, Konga Malayan (excluding the areas comprising the Kasaragod, Kannur, Wayanad and Kozhikode Districts) |
| Hill Pulaya, Mala Pulayan, Kurumba Pulayan, Kuravazhi Pulayan, Pamba Pulayan | Malayarayar |
| Irular, Irulan | Mannan |
| Kadar [Wayanad Kadar] | Muthuvan, Mudugar, Muduvan |
| Kanikkaran, Kanikkar | Palleyan, Palliyan, Palliyar, Paliyan |
| Kattunayakan | Paniyan |
| [Kochuvelan] | Ulladan, [Ullatan] |
| Koraga | Uraly |
| Kudiya, Melakudi | Mala Vettuvan(in Kasaragod & Kannur districts) |
| Kurichchan [Kurichiyan] | Ten Kurumban, Jenu Kurumban |
| Kurumans, Mullu Kuruman, Mulla Kuruman, Mala Kuruman | Thachanadan, Thachanadan Moopan |
| Kurumbas, [Kurumbar, Kurumban] | Cholanaickan |
| Maha Malasar | Mavilan |
| Malai Arayan [Mala Arayan] | Karimpalan |
| Malai Pandaram | Vetta Kuruman |
| Malai Vedan [Malavedan] | Mala Panikkar |

## Other Eligible Communities (OEC)

| | |
|---|---|
| Chemman/Chemmar | Allar (Alan) |
| Madiga | Malavettuvan |
| Pulluvan | Malamuthan |
| Thachar (other than Carpenter throughout State excluding the erstwhile Malabar area) | KunduVadiyan |
| Chakkamar | Thachanadan Moopan |

| | |
|---|---|
| Varnavar | Wayanad Kadar |
| Kudumbi | Kalanadi |
| Dheevara/Dheevaran, Arayan, Valan, Nulayan, Mukkuvan, Arayavathi, Valinjiar, Paniakkal, | Chingathan |
| Mokaya, Bovi, Mogayar and Megavirar Peruvannan | Malayalar |
| Scheduled Castes converts. | Malapanicker |
| Kusavan including Kusavar, Kulalan, Kumbaran, Velaan, Odan, Andhra Nair, Anthru Nair | Urindavan |
| Malayan, (Konga-Malayan, Pani Malayan (in the erstwhile Malabar area alone) | Marati |
| Pathiyan (other than Dhobies) | Pulaya Vettuvan (except in the areas of erstwhile Cochin State) |

**SSLC മാർക്ക് ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതേപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ, മുസ്ലീം, മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ, പിന്നോക്ക കൃസ്ത്യൻ, ലത്തീൻ കത്തോലിക്ക, എന്നിവ SSLC യിൽ പൊതുവെ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവേശന പ്രക്രിയയിൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളാണ്. ഓരോ ജാതിയുടെയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പെക്ടസ്സിന്റെ അനുബന്ധം 3 നോക്കുക. അതുപോലെ SSLC യിൽ OEC ഒരു പ്രത്യേക കാറ്റഗറിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവേശന പ്രക്രിയയെ സംബന്ധിച്ചിടത്തോളം OEC വിഭാഗത്തിലെ വിദ്യാർത്ഥികൾ മൂന്ന് കാറ്റഗറികളിൽ ഉൾപ്പെടുന്നു; ജനറൽ, പിന്നോക്ക ഹിന്ദു, പിന്നോക്ക കൃസ്ത്യൻ. ജാതിയുടെ പേര് നോക്കി ഏത് കാറ്റഗറിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തിയശേഷം ശരിയായ കാറ്റഗറി സെലക്ട് ചെയ്തശേഷം മാത്രം OEC മാർക്ക് ചെയ്യണം .**

## സീറ്റ് സംവരണം

| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
|---|---|---|---|
| ഓപ്പൺ മെരിറ്റ് | 59% | 50% | 40% |
| മാനേജ്മെന്റ് ക്വാട്ട | ഇല്ല | 30% | 40% (20% അതത് സമുദായത്തിലെ അപേക്ഷകർക്ക് മെരിറ്റ് അടിസ്ഥാനത്തിലും 20% മാനേജ്മെന്റ് ക്വാട്ടയിലും) |
| ഈഴവ ,തീയ്യ, ബില്ലവ ഉൾപ്പെടെ | 8% | ഇല്ല | ഇല്ല |
| മുസ്ലീം | 7% | ഇല്ല | ഇല്ല |
| ലത്തീൻ കത്തോലിക്കാ സമുദായത്തിനും SIUC വിഭാഗത്തിനും കൂടി | 2% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ക്രിസ്തീയ സമുദായങ്ങൾ | 1% | ഇല്ല | ഇല്ല |
| മറ്റ് പിന്നോക്ക ഹിന്ദു സമുദായങ്ങൾ | 3% | ഇല്ല | ഇല്ല |
| പട്ടികജാതി | 12% | 12% | 12% |
| പട്ടിക വർഗം | 8% | 8% | 8% |
| സ്പോർട്സ് ക്വാട്ട, വിഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ (Differently Abled), ഭാഷാന്യൂനപക്ഷങ്ങൾ | | | |
| വിഭാഗം | സർക്കാർ സ്കൂളുകൾ | എയിഡഡ് സ്കൂളുകൾ | ന്യൂനപക്ഷ/ പിന്നോക്ക സമുദായ എയിഡഡ് മാനേജ്മെന്റ് സ്കൂളുകൾ |
| സ്പോർട്സ് ക്വാട്ട | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% | ഓപ്പൺ മെരിറ്റിന്റെ 5% |
| വിഭിന്നശേഷിവിഭാഗത്തിലുള്ളവർ (Differently Abled) | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% | ഓപ്പൺ മെരിറ്റിന്റെ 3% |
| ഭാഷാന്യൂനപക്ഷങ്ങൾ (തമിഴും കന്നടയും മാത്രം) | തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഓപ്പൺ മെരിറ്റിന്റെ 5% സീറ്റുകൾ | | |

## പ്രവേശനമാനദണ്ഡം: WGPA കണക്കാക്കുന്നത്

ഓരോ വിദ്യാർത്ഥിയുടെയും **WGPA (Weighted Grade Point Average)** കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. അത് കണക്കാക്കുന്ന വിധം താഴെകൊടുക്കുന്നു.

- ആദ്യം യോഗ്യതാപരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾക്ക് താഴെ സൂചിപ്പിച്ച പ്രകാരം ഗ്രേഡ് പോയിന്റ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

- വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിന്റുകളുടെ തുകയായ **TGP (Total Grade Point)** കണക്കാക്കുന്നു(ഉദാ: പത്ത് വിഷയങ്ങൾക്കും **A+** ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ **TGP 90** ആയിരിക്കും).
- ഹയർസെക്കന്ററി പഠനത്തിന് വിദ്യാർത്ഥി തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുകൾക്കനുസരിച്ച് യോഗ്യതാപ്പരീക്ഷയിലെ ചില വിഷയങ്ങൾക്ക് വെയിറ്റേജ് ലഭിക്കും. തെരഞ്ഞെടുക്കുന്ന വിഷയ കോംബിനേഷനുമായി ബന്ധമുള്ള എസ്. എസ്. എൽ.സി. പേപ്പറുകൾക്കാണ് ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്നത്. ഹയർ സെക്കന്ററിയിലെ 45 കോഴ്സ് കോംബിനേഷനുകൾക്ക് വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 18 ൽ കൊടുത്തിരിക്കുന്നു. ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകൾ പ്രത്യേകം കൂട്ടുന്നു. ഇതാണ് **GSW (total Grade value of Subjects for which Weightage is given-** വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റ്)
- ഖണ്ഡിക 11ൽ കൊടുത്തിരിക്കുന്ന ബോണസ് പോയിന്റുകൾ(അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു**(BP)**. ഖണ്ഡിക 12 പ്രകാരം കുറയ്ക്കേണ്ട മൈനസ് പോയിന്റുകളുണ്ടെങ്കിൽ അതും കണ്ടെത്തുന്നു**(MP).**
- ഇനി താഴെക്കാണിച്ചിരിക്കുന്ന സൂത്രവാക്യമുപയോഗിച്ച് **WGPA** ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണ്ടെത്തുന്നു.

$$WGPA = \frac{TGP + GSW}{TS + TSW} + \frac{BP - MP}{10}$$

**WGPA: Weighted Grade Point Average**

**TGP: Total Grade Point**

**GSW: total Grade value of Subjects for which Weightage is given**

**BP: Bonus Point**

**MP: Minus Point**

**TS: Total number of Subjects** (ആകെ വിഷയങ്ങളുടെ എണ്ണം)

**TSW: Total number of Subjects for which Weightage is given** (വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ എണ്ണം)

**WGPA** കണക്കാക്കുന്നതിന് മാതൃക താഴെകൊടുത്തിരിക്കുന്നു.

- വിദ്യാർത്ഥിക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hind | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

- വിദ്യാർത്ഥിയുടെ ഓപ്ഷൻ: എസ്.എസ്.എൽ.സി.ക്ക് പഠിച്ച സ്കൂളിൽതന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് കോംബിനേഷൻ (കോഡ്: **01**).
- അതിനാൽ **TGP = 83, GSW = 33 , BP = 2, MP = 0, TS =10, TSW = 4.**

$$WGPA = \frac{83+33}{10+4} + \frac{2-0}{10} = 8.4857143$$

## 17 WGPA തുല്യമായാൽ ചെയ്യേണ്ടത്

**WGPA** യുടെ ഏഴ് ദശാംശസ്ഥാനത്തിന് കൃത്യമായി കണക്കിലെടുത്തതിനുശേഷവും ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ താഴെപ്പറയുന്ന മുൻഗണനപ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്.

1. ടൈ വരുന്ന കോംബിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന
2. വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന **TGP**
3. ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ് പോയിന്റ്
4. ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ് പോയിന്റ്
5. അപേക്ഷകന്റെ പ്രാദേശിക പശ്ചാത്തലം (അതേ സ്കൂൾ, അതേ ഗ്രാമപഞ്ചായത്ത്, ഗവ./എയിഡഡ് ഹയർ സെക്കന്ററി സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്ത്, അതേ താലൂക്ക്, അതേ ജില്ല എന്നിങ്ങനെയായിരിക്കും മുൻഗണനാക്രമം)
6. ഇനിയും തുല്യനിലയിൽ തുടർന്നാൽ **NTSE**, കലാകായിക മൽസരങ്ങൾ, സംസ്ഥാനതല പ്രവർത്തിപരിചയമേള എന്നിവയിലെ മികവ് താഴെ സൂചിപ്പിക്കുന്ന മുൻഗണനാക്രമത്തിൽ പരിഗണിക്കും. ഇവയിൽ **NTSE** ഒഴികെ മറ്റിനങ്ങൾക്ക് 10-ാം ക്ലാസിൽ പഠിക്കുമ്പോൾ പങ്കെടുത്തിട്ടുള്ള ഇനങ്ങളിലെ മികവ് മാത്രമായിരിക്കും പരിഗണിക്കുക.

- **NTSE** ദേശീയ/സംസ്ഥാനതല പരീക്ഷയിൽ യോഗ്യത നേടിയവർ
- സംസ്ഥാനതല യുവജനോൽസവത്തിൽ പങ്കെടുത്തവർ (ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ എ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പോയിന്റുകൾ ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ബി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).

- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ സി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഡി ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഡി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല ശാസ്ത്ര-സാമൂഹ്യശാസ്ത്ര-ഗണിതശാസ്ത്ര മേളകൾ, ഐ.ടി. മേള, സംസ്ഥാനതല പ്രവൃത്തി പരിചയമേളകൾ എന്നിവയിൽ ഇ ഗ്രേഡ് (വിവിധ മേളകൾക്ക് ഒരേ മുൻഗണനയായിരിക്കും. ആകെ ലഭിച്ചിട്ടുള്ള ഇ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- സംസ്ഥാനതല കായികമൽസരത്തിൽ പങ്കെടുത്തവർ(ഗ്രേസ് മാർക്കിന് അർഹതയില്ലാത്തവർ)
- ജില്ലാതല യുവജനോൽസവത്തിൽ എ ഗ്രേഡ് (സംസ്ഥാന തലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള എ ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ ഒന്നാം സ്ഥാനം (സംസ്ഥാനതലത്തിൽ പങ്കെടുക്കാത്തവർ. ആകെ ലഭിച്ചിട്ടുള്ള ഒന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ ബി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള ബി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ രണ്ടാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള രണ്ടാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ സി ഗ്രേഡ് (ആകെ ലഭിച്ചിട്ടുള്ള സി ഗ്രേഡുകളുടെ എണ്ണത്തിനാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല കായികമൽസരത്തിൽ മൂന്നാം സ്ഥാനം (ആകെ ലഭിച്ചിട്ടുള്ള മൂന്നാം സ്ഥാനങ്ങൾക്കാനുപാതികമായ പരിഗണന ലഭിക്കും).
- ജില്ലാതല യുവജനോൽസവത്തിൽ പങ്കെടുത്തവർ
- ജില്ലാതല കായികമൽസരത്തിൽ പങ്കെടുത്തവർ
- സ്കൗട്ട് & ഗൈഡ്സിലെ പങ്കാളിത്തം (രാഷ്ട്രപതി പുരസ്കാർ/രാജ്യപുരസ്കാർ ലഭിക്കാത്തവർ)

വീണ്ടും തുല്യനില തുടർന്നാൽ താഴെ സൂചിപ്പിക്കുന്ന അക്കാദമികേതര പ്രവർത്തനങ്ങളിലെ മികവ് കൂടി മുൻഗണനാക്രമത്തിൽ പരിഗണിച്ച് പ്രവേശന യോഗ്യത നിശ്ചയിക്കുന്നതാണ്.

- സമകാലികങ്ങളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ
- റെഡ്ക്രോസ് പ്രവർത്തനങ്ങൾ
- നേച്ചർ ക്ലബ്ബ്/ ഫോറസ്ട്രി ക്ലബ്ബ്/ സയൻസ് ക്ലബ്ബ്/ സോഷ്യൽ സയൻസ് ക്ലബ്ബ്/ ഡിബേറ്റിങ് ക്ലബ്ബ്/ ഒറേറ്ററി ക്ലബ്ബ്/ ഫിലാറ്റലി ക്ലബ്ബ്/ മാത്തമാറ്റിക്സ് ക്ലബ്ബ്/ ഐ.ടി. ക്ലബ്ബ് /ഹെൽത്ത് ക്ലബ്ബ് മുതലായവയിലെ പ്രവർത്തനങ്ങൾ (ക്ലബ്ബുകൾക്ക് ഒരേ മുൻഗണനയായിരിക്കും)
- സ്കൂൾ മാസികകളിൽ പ്രസിദ്ധീകരിച്ച സാഹിത്യസൃഷ്ടികൾ
- കേരള സംസ്ഥാന പൊതു പരീക്ഷ പാസ്സായവർ

(സ്കൂൾ തലത്തിലെ പ്രവർത്തനങ്ങൾക്ക് സ്കൂളിലെ പ്രധാനാധ്യാപകൻ നൽകുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, പ്രസിദ്ധീകരണങ്ങൾക്ക് അവയുടെ കോപ്പിയും അപേക്ഷയോടൊപ്പം ഹാജരാക്കണം.)

## സബ്ജക്ട് കോംബിനേഷനുകളും കോഡുകളും

സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ് എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകളിലായി ഹയർ സെക്കന്ററി പഠനത്തിന് ആകെ 45 സബ്ജക്ട് കോംബിനേഷനുകൾ ലഭ്യമാണ്. ഗ്രൂപ്പ് തിരിച്ചുള്ള സബ്ജക്ട് കോംബിനേഷനുകളും അവയുടെ കോഡുകളും ഓരോ കോംബിനേഷൻ തെരഞ്ഞെടുക്കുമ്പോഴും വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങളും താഴെക്കൊടുത്തിരിക്കുന്നു.

സയൻസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| **01** | Physics, Chemistry, Biology, Mathematics | Physics, Chemistry, Biology, Mathematics |
| **02** | Physics, Chemistry, Biology, Home Science | |
| **03** | Physics, Chemistry, Home Science, Mathematics | |
| **04** | Physics, Chemistry, Geology, Mathematics | Physics, Chemistry, Mathematics |
| **05** | Physics, Chemistry, Mathematics, Computer Science | |
| **06** | Physics, Chemistry, Mathematics, Electronics | |
| **07** | Physics, Chemistry, Computer Science, Geology | |
| **08** | Physics, Chemistry, Mathematics, Statistics | |
| **09** | Physics, Chemistry, Biology, Psychology | Physics, Chemistry, Biology, Mathematics |

ഹ്യൂമാനിറ്റീസ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| **10** | History, Economics, Political Science, Geography | Social Science |
| **11** | History, Economics, Political Science, Sociology | |
| **12** | History, Economics, Political Science, Geology | |
| **13** | History, Economics, Political Science, Music | |
| **14** | History, Economics, Political Science, Gandhian Studies | |
| **15** | History, Economics, Political Science, Philosophy | |
| **16** | History, Economics, Political Science, Social Work | |
| **17** | Islamic History, Economics, Political Science, Geography | |

| | | |
|---|---|---|
| **18** | Islamic History, Economics, Political Science, Sociology | |
| **19** | Sociology, Social Work, Psychology, Gandhian Studies | |
| **20** | History, Economics, Political Science, Psychology | |
| **21** | History, Economics, Political Science, Anthropology | |
| **22** | History, Economics, Geography, Malayalam | |
| **23** | History, Economics, Geography, Hindi | |
| **24** | History, Economics, Geography, Arabic | |
| **25** | History, Economics, Geography, Urdu | |
| **26** | History, Economics, Geography, Kannada | |
| **27** | History, Economics, Geography, Tamil | |
| **28** | History, Economics, Sanskrit Sahitya, Sanskrit Sastra | |
| **29** | History, Philosophy, Sanskrit Sahitya, Sanskrit Sastra | |
| **30** | History, Economics, Political Science, Statistics | Social Science, Mathematics |
| **31** | Sociology, Social work, Psychology, Statistics | |
| **32** | Economics, Statistics, Anthropology, Social work | |
| **33** | Economics, Gandhian Studies, Communicative English, Computer Application | Social Science, English |
| **34** | Sociology, Journalism, Communicative English, Computer Application | |
| **35** | Journalism, English Literature, Communicative | |

| | | |
|---|---|---|
| | English, Psychology | |
| **41** | History, Economics, Sociology, Malayalam | Social Science |
| **42** | History, Economics, Political Science, Malayalam | |
| **43** | History, Economics, Gandhian Studies, Malayalam | |
| **44** | Social Work, Journalism, Communicative English, Computer Applicaion | SocialScience, English |
| **45** | History, Economics, Sociology, Hindi | Social Science |
| **46** | History, Economics, Sociology, Arabic | |

കോമേഴ്സ് ഗ്രൂപ്പ്

| കോഡ് | സബ്ജക്റ്റ് കോംബിനേഷൻ | വെയിറ്റേജ് ലഭിക്കുന്ന എസ്. എസ്. എൽ.സി. വിഷയങ്ങൾ |
|---|---|---|
| **36** | BusinessStudies,Accountancy,Economics, Mathematics | Social Science, Mathematics |
| **37** | Business Studies, Accountancy, Economics, Statistics | |
| **38** | Business Studies, Accountancy, Economics, Political Science | |
| **39** | Business Studies, Accountancy, Economics, ComputerApplications | |

## ഫീസ് ഘടന

| ഇനങ്ങൾ | സയൻസ് ഗ്രൂപ്പ് | ഹ്യൂമാനിറ്റീസ്/ കോമേഴ്സ് ഗ്രൂപ്പുകൾ |
|---|---|---|
| 1 അഡ്മിഷൻ ഫീസ് | **50** രൂ | **50** രൂ |
| 2 ലൈബ്രറി ഫീസ് | **25** രൂ | **25** രൂ |
| 3 കലണ്ടർ ഫീസ് | **25** രൂ | **25** രൂ |
| 4 വൈദ്യ പരിശോധനാ ഫീസ് | **25** രൂ | **25** രൂ |

| | | |
|---|---|---|
| 5 ഓഡിയോ വിഷ്വൽ യൂണിറ്റ് ഫീസ് | 30 രൂ | 30 രൂ |
| 6 സ്പോർട്സ് & ഗെയിംസ് ഫീസ് | 50 രൂ | 50 രൂ |
| 7 സ്റ്റേഷനറി ഫീസ് | 25 രൂ | 25 രൂ |
| 8 അസോസിയേഷൻ ഫീസ് | 25 രൂ | 25 രൂ |
| 9 യൂത്ത് ഫെസ്റ്റിവൽ ഫീസ് | 50 രൂ | 50 രൂ |
| 10 മാഗസിൻ ഫീസ് | 25 രൂ | 25 രൂ |
| 11കോഷൻ ഡിപ്പോസിറ്റ് | 150 രൂ | 100 രൂ |
| 12 ലാബറട്ടറി ഫീസ് | ലാബറട്ടറി സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |
| 13 കമ്പ്യൂട്ടർ സയൻസ്/ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | കമ്പ്യൂട്ടർ സൗകര്യം ആവശ്യമുള്ള വിഷയങ്ങൾക്ക് 50 രൂപ വീതം | |

**സ്കൂൾ ഫീസ്, പി.റ്റി.എ. ഫണ്ട് തുടങ്ങിയവ അടച്ചുകഴിഞ്ഞാൽ സ്കൂളധികൃതരിൽ നിന്നും ഇവയ്ക്കുള്ള രസീതുകൾ ചോദിച്ചു വാങ്ങേണ്ടതാണ്. പി.റ്റി. എ. ഫണ്ട് GO(MS)No. 126/2007/Gen.Edn. dated 25.06.2007 എന്ന സർക്കാർ ഉത്തരവ് പ്രകാരം ശേഖരിച്ച് സംഭാവന നൽകിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങളും തുകയും സ്കൂൾ നോട്ടീസ്ബോർഡിൽ പ്രിൻസിപ്പൽ പ്രദർശിപ്പിക്കേണ്ടതാണ്.**

പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലെയും നിലവിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലേയും പ്രവേശനം ബഹു. ഹൈക്കോടതി തീരുമാനത്തിന് വിധേയമായിരിക്കും എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

**ഡയറക്ടർ**